**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . 107 — 06-02-2020 -ൽ മറുപടിക്ക്

**പ്രളയാനന്തര പുനർനിർമ്മാണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. അനിൽ അക്കര** | | **ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോകബാങ്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; | എ) | കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 500 മില്യൺ ഡോളർ വികസന നയവായ്പ (DPL) സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) നടപ്പ് സാമ്പത്തിക വർഷം ലഭ്യമായിട്ടുണ്ട്. രണ്ടാമത്തെ ഗഡു ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. |
| ബി) | ഇതിനകം ലഭിച്ച തുക ഏതൊക്കെ മേഖലകളുടെ പുനർനിർമ്മാണത്തിനാണ് വിനിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ; | ബി) | സംയോജിത ജലവിഭവ പരിപാലനവും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മൽസ്യമേഖല, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ച് കിടക്കുന്ന പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖല ശക്തിപ്പെടുത്തൽ എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പുനർ നിർമ്മാണ പദ്ധതികൾക്കാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിലായി 1865 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| സി) | പുനർനിർമ്മാണത്തിന്റെ രണ്ടാം ഗഡു വായ്പ ലോകബാങ്കിൽ നിന്നും എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ? | സി) | പുനർനിർമ്മാണത്തിനായുള്ള ലോകബാങ്ക് വായ്പയുടെ രണ്ടാം ഗഡു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ